**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2749** **13-10-2021 - ൽ മറുപടിയ്ക്ക്**

**പിന്നാക്കവിഭാഗങ്ങളുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പിന്നാക്ക വിഭാഗങ്ങളുടെ നിയമനം സംബന്ധിച്ച പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് മുഖ്യമന്ത്രി അധ്യക്ഷനായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ നിലവിലുള്ള കമ്മിറ്റിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) | 15-ാം കേരള നിയമസഭ നിലവിൽ വന്നതിനുശേഷം ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ഉന്നതാധികാര സമിതി രൂപീകരിക്കുന്നതാണ്. നിലവിലെ അനൗദ്യോഗിക അംഗങ്ങളെ മാറ്റി പുതിയ നിയമസഭാംഗങ്ങളെ ചേർത്ത് സമിതി പുനസംഘടിപ്പിക്കുന്നതിനായി ബി2/240/2020/ ബിസിഡിഡി നമ്പർ ഫയലിൽ നടപടി സ്വീകരിച്ചു വരികയാണ്. |
| (ബി) | 2016 മുതൽ ഈ കമ്മിറ്റി എത്ര യോഗങ്ങൾ ചേർന്നു എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) | 07.06.2018, 02.07.2019, 17.09.2020 തീയതികളിൽ ഉന്നതതലയോഗം കൂടിയിട്ടുണ്ട്. മിനുട്സിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | പിന്നാക്കവിഭാഗങ്ങളുടെ നിയമനം സംബന്ധിച്ച പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ വകുപ്പ് സെക്രട്ടറിമാരുടെ യോഗം ചേരാറുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ? | (സി) | സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം കണ്ടെത്താനുതകുന്ന വിധത്തിൽ e-CDESK (e-Caste Database of Employees in Service Kerala) എന്ന പേരിൽ പിന്നോക്കവിഭാഗ കമ്മീഷനു കീഴിൽ പ്രവർത്തിച്ചുവരുന്ന വെബ് പോർട്ടലിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി 27.10.2020, 17.12.2020 തീയതികളിൽ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ചേരുന്ന വകുപ്പ് സെക്രട്ടറിമാരുടെ പ്രതിമാസയോഗത്തിൽ ടി വിഷയം ഒരു മുഖ്യ അജണ്ടയായി 18.02.2021 വരെയുള്ള മീറ്റിംഗിൽ ചേർത്തിരുന്നു. പ്രസ്തുത വെബ്പോർട്ടലിന്റെ പ്രവർത്തനം പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**07.06.2018-ന് വൈകീട്ട് 3 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേരള നിയമസഭയുടെ '5 D' കോൺഫറൻസ് ഹാളിൽ ചേർന്ന സർക്കാർ സർവ്വീസിലെ മറ്റു പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം വിലയിരുത്തുന്നതിനായി നിയമിച്ച ഉന്നതാധികാര സമിതിയുടെ യോഗ നടപടി കുറിപ്പ്.**

സർക്കാർ സർവ്വീസിലെ മറ്റു പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം വിലയിരുത്തുന്നതിനായി പുതുതായി പുനഃസംഘടിപ്പിക്കപ്പെട്ട ഉന്നതാധികാര സമിതിയുടെ ആദ്യ യോഗം 07.06.2018 വൈകീട്ട് 3 മണിക്ക് കേരള നിയമസഭയുടെ '5 D' കോൺഫറൻസ് ഹാളിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ 73 വകുപ്പുകളെ പ്രതിനിധീകരിച്ച് ഉദ്യോഗസ്ഥർ പങ്കെടുത്തു (ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു).

പ്രസ്തുത യോഗത്തിൽ ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് മന്ത്രി വിവിധ വകുപ്പുകളിൽ സർക്കാർ സർവ്വീസിലെ മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരുടെ പ്രാതിനിധ്യം സംബന്ധിച്ച് Backlog ഉള്ളതായി വിലയിരുത്തി. എന്നാൽ Backlog സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ നാളിതുവരെ ലഭ്യമല്ല എന്നും, ആയത് ലഭ്യമാകണമെങ്കിൽ സർക്കാർ സർവ്വീസിലെ മറ്റു പിന്നാക്ക വിഭാഗക്കാരുടെ വിവരങ്ങൾ പിന്നാക്ക വിഭാഗ കമ്മീഷന്റെ നിയന്ത്രണത്തിലുള്ള C-DIT കൈകാര്യം ചെയ്യുന്ന eCDESK Webportal -ൽ വിവിധ വകുപ്പുകൾ രേഖപ്പെടുത്തേണ്ടതുണ്ട് എന്നും ബഹു. മന്ത്രി നിർദ്ദേശിച്ചു.

പിന്നാക്ക വിഭാഗക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച വിവരങ്ങൾ eCDESK Webportal -ൽ upload ചെയ്യുന്ന കാര്യത്തിൽ വിവിധ വകുപ്പുകളും സ്ഥാപനങ്ങളും സ്വീകരിച്ചിട്ടുള്ള നടപടികൾ അതാത് വകുപ്പ് തലവൻമാർ തന്നെ അവതരിപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചു. ടി നിർദ്ദേശ പ്രകാരം നാളിതുവരെ സ്വീകരിച്ച നടപടികൾ യോഗത്തിന് ഹാജരായ എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാരും സ്ഥാപന മേധാവികളും അവതരിപ്പിച്ചു. മിക്ക വകുപ്പുകളും സ്ഥാപനങ്ങളും അതു സംബന്ധിച്ച വിവരങ്ങൾ upload ചെയ്യുന്നതിനായി നോഡൽ ഓഫീസർമാരെയും സബ് നോഡൽ ഓഫീസർമാരെയും നിയമിച്ച് നടപടികൾ പുരോഗമിച്ചുവരുന്നതായും വളരെ വേഗം ടി നടപടി പൂർത്തീകരിക്കുന്നതാണ് എന്നും അറിയിച്ചു. എന്നാൽ ഏതാനും ചില വകുപ്പുകൾ നോഡൽ ഓഫീസർമാരെ നിയമിക്കുകയോ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. നോഡൽ ഓഫീസർമാരെ നിയമിച്ച് പിന്നാക്ക വിഭാഗ കമ്മീഷനെ അറിയിക്കുന്ന മുറയ്ക്ക് അവർക്ക് പരിശീലനം നൽകി user ID -യും Password -ഉം നൽകുന്നതാണെന്നും കമ്മീഷൻ രജിസ്ട്രാർ അറിയിച്ചു.

ഏതെങ്കിലും വകുപ്പുകളിൽ നിയമനം നടത്തുമ്പോൾ സംവരണ സമുദായത്തിൽ നിന്നും ആളെ കിട്ടാത്ത സാഹചര്യം നിലവിലുണ്ടോ എന്ന് ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് മന്ത്രി പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും ഹാജരായ ഉദ്യോഗസ്ഥരോട് ആരാഞ്ഞു. ഏതാനും ചില വകുപ്പുകളിൽ പ്രധാനപ്പെട്ട ചില തസ്തികകളിലേക്ക് പിന്നാക്ക വിഭാഗത്തിലെ ചില സമുദായങ്ങളിൽ നിന്നും ആളെ കിട്ടാത്ത സാഹചര്യം നിലവിലുണ്ട് എന്നും അങ്ങനെയുള്ള സാഹചര്യത്തിൽ NCA നിയമനത്തിനായി 6 മാസം ഇടവിട്ട് നോട്ടിഫൈ ചെയ്ത് നിയമനം നടത്തുന്ന രീതിയാണ് അവലംബിക്കുന്നത്. എന്നിട്ടും ആളെ ലഭ്യമല്ല എങ്കിൽ പിന്നാക്ക വിഭാഗത്തിലെ തന്നെ അടുത്ത സമുദായത്തിന് നിയമനം നൽകുകയുമാണ് ചെയ്യുന്നത് എന്നും പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചു.

മേൽ വിവരിച്ച രീതി ശരിയല്ല എന്നും 2 തവണ NCA നോട്ടിഫൈ ചെയ്തുകഴിഞ്ഞാൽ പിന്നെ റൂൾ 15 A പ്രകാരം ഡയറക്റ്റ് റിക്രൂട്ട്മെന്റ് നടത്തുകയാണ് വേണ്ടത് എന്നും മന്ത്രി നിർദ്ദേശിച്ചു. ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു.

(.....2)

ചർച്ചകൾക്ക് ശേഷം താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1 സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച് വിവരങ്ങൾ പിന്നാക്ക വിഭാഗ കമ്മീഷന്റെ നിയന്ത്രണത്തിലുള്ള Webportal -ലേക്ക് എല്ലാ വകുപ്പുകളും ജൂലൈ 31 -ന് മുൻപ് upload ചെയ്യേണ്ടതാണ്.

2 ഈ ആവശ്യത്തിലേക്ക് ഇനിയും നോഡൽ ഓഫീസർമാരെ നിയമിക്കാത്ത വകുപ്പുകൾ അടിയന്തിരമായി നിയമിച്ച് വിവരം പിന്നാക്ക വിഭാഗ കമ്മീഷനെ അറിയിക്കേണ്ട താണ്.

3 നോഡൽ ഓഫീസർമാരെ നിയമിക്കുന്ന മുറയ്ക്ക് കമ്മീഷൻ അവർക്ക് user ID -യും Password -ഉം അനുവദിച്ച് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

സർക്കാർ സർവ്വീസിലെ മറ്റു പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുക എന്നത് സാമൂഹ്യനീതിയുടെ ഭാഗമാണ്. അതിനാൽ ഇത് ഉറപ്പുവരുത്തേണ്ടതിൽ വകുപ്പുകൾ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ് എന്ന് ബഹു. മുഖ്യമന്ത്രി ഓർമ്മിപ്പിച്ചു.

യോഗം 3.45 മണിക്ക് അവസാനിച്ചു.

.............................................

**02.07.2019-ന് വൈകീട്ട് 5 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയേറ്റിലെ ഡർബാർ ഹാളിൽ ചേർന്ന സർക്കാർ സർവ്വീസിലെ മറ്റു പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം വിലയിരുത്തുന്നതിനായി നിയമിച്ച ഉന്നതാധികാര സമിതിയുടെ യോഗ നടപടി കുറിപ്പ്:**

സർക്കാർ സർവ്വീസിലെ മറ്റു പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം വിലയിരുത്തുന്നതിനായി പുനഃസംഘടിപ്പിക്കപ്പെട്ട ഉന്നതാധികാര സമിതിയുടെ രണ്ടാമത് യോഗം 02.07.2019 വൈകിട്ട് 5 മണിക്ക് സെക്രട്ടേറിയേറ്റിലെ ഡർബാർ ഹാളിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ വകുപ്പുകളെ പ്രതിനിധീകരിച്ച് ഉദ്യോഗസ്ഥർ പങ്കെടുത്തു (ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു).

പ്രസ്തുത യോഗത്തിൽ ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് മന്ത്രി വിവിധ വകുപ്പുകളിലുള്ള ഒ. ബി.സി പ്രാതിനിധ്യം വിലയിരുത്തുന്നതിനായി കമ്മീഷൻ രൂപം കൊടുത്തിട്ടുള്ള വെബ് പോർട്ടലിലേയ്ക്ക് വിവരങ്ങൾ Upload ചെയ്യേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുകയുണ്ടായി. ജ.നരേന്ദ്രൻ കമ്മീഷൻ 2000- ൽ റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പി. എസ്. സി വഴിയുള്ള നിയമനങ്ങളിൽ പിന്നാക്ക വിഭാഗങ്ങളുടെ സംവരണവും Backlog ഉം പരിഹരിക്കുന്നതിനായി വെബ് പോർട്ടൽ വഴിയുള്ള വിവര ശേഖരണം അത്യാവശ്യമാണ്. ടി വിവരങ്ങൾ Upload ചെയ്യുന്നതിന് ഇതുവരെ ഭൂരിപക്ഷം സ്ഥാപനങ്ങൾക്കും സാധിച്ചിട്ടില്ല. ഡാറ്റാ Upload ചെയ്യുന്നതു സംബന്ധിച്ച് പുരോഗതി 07.06.2018 ന് ചേർന്ന ഉന്നതാധികാര സമിതി വിലയിരുത്തുകയുണ്ടായി.

പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 14 സ്ഥാപനങ്ങളിൽ നിന്നും നോഡൽ ഓഫീസർമാരെ നാളിതുവരെ നിയമിച്ചിട്ടില്ല. 93 സർക്കാർ സ്ഥാപനങ്ങളിൽ നാളിതുവരെ 10 സ്ഥാപനങ്ങൾ മാത്രമാണ് Data Entry പൂർത്തീകരിച്ചിട്ടുള്ളത്. 13 സ്ഥാപനങ്ങൾ നാളിതുവരെ ഒരു Data പോലും Upload ചെയ്തിട്ടില്ല. ബാക്കി 70 സ്ഥാപനങ്ങൾ ഭാഗികമായ Data Entry വരുത്തിയിട്ടുണ്ട്. സർക്കാരിതര സ്ഥാപനങ്ങൾ (അർദ്ധ സർക്കാർ, പൊതുമേഖലാ, സ്വയംഭരണ സ്ഥാപനങ്ങൾ) ആകെ 382 എണ്ണം ആണ് ഉള്ളത്. അതിൽ സ്വന്തമായ ജീവനക്കാരില്ലാത്ത കോൺട്രാക്ട് അടിസ്ഥാനത്തിലോ, ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിലോ നിയമനം നടത്തുന്ന സ്ഥാപനങ്ങൾ 35 എണ്ണം ആണ്. ഒരു Data പോലും Entry വരുത്താത്ത 218 സ്ഥാപനങ്ങൾ ഉണ്ട്. ബാക്കി വരുന്ന 129 സ്ഥാപനങ്ങൾ ഭാഗികമായി Data Entry നടത്തിയിട്ടുള്ളതാണ്.

മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഒ.ബി.സി പ്രാതിനിധ്യം സംബന്ധിച്ച വിവരശേഖരണം എത്രയും വേഗം പൂർത്തീകരിക്കേണ്ടത് ആവശ്യമാണ്. ഈ സാഹചര്യത്തിലാണ് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുന്നത് എന്നും ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് മന്ത്രി അറിയിച്ചു.

തുടർന്ന് നാളിതുവരെയും നോഡൽ ഓഫീസർമാരെ നിയമിക്കാത്ത പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രതിനിധികൾ ആരെങ്കിലും ഹാജരായിട്ടുണ്ടോ എന്ന് ബഹു. മുഖ്യമന്ത്രി ആരായുകയുണ്ടായി. പ്രസ്തുത സ്ഥാപനങ്ങളുടെ പ്രതിനിധികൾ ആരും യോഗത്തിൽ ഹാജരാകാത്തതിനാൽ ടി സ്ഥാപനങ്ങളുടെ നിയന്ത്രണമുള്ള ബന്ധപ്പെട്ട സെക്രട്ടറിമാരെയും നാളിതുവരെ വിവരങ്ങൾ ഒന്നും തന്നെ Upload ചെയ്യാത്ത സർക്കാർ വകുപ്പുകളുടെ സെക്രട്ടറിമാരെയും ചീഫ് സെക്രട്ടറി തലത്തിൽ യോഗം വിളിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചു.

633

05.07.2019 ന് കൂടുന്ന ചീഫ് സെക്രട്ടറിയും സെക്രട്ടറിമാരുമായുള്ള പ്രതിമാസ യോഗത്തിൽ ഇക്കാര്യത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകുന്നതാണെന്ന് ബഹു. ചീഫ് സെക്രട്ടറി അറിയിച്ചു.

സെക്രട്ടറിമാരുടെ യോഗത്തിനു ശേഷം വിവരങ്ങൾ Upload ചെയ്തു കഴിയുന്ന മുറയ്ക്ക് ഉന്നതാധികാര സമിതിയുടെ യോഗം വീണ്ടും ചേരുന്നതാണ് എന്ന് ബഹു. മുഖ്യമന്ത്രി അറിയിച്ചു.

യോഗം 6 മണിക്ക് അവസാനിച്ചു.

..................................................

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ സ്വയം ഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ മറ്റു പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം പരിശോധിക്കുന്നതിനുള്ള ഉന്നതാധികാര സമിതിയുടെ 17/09/2020 തീയതിയിലെ യോഗത്തിന്റെ നടപടിക്കുറിപ്പ്**

സമിതിയുടെ യോഗം ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10 മണിയ്ക്ക് ആരംഭിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടക്കുന്ന 3-ാമത്തെ യോഗമാണിതെന്നും 05/07/2019-ൽ നടന്ന യോഗത്തിൽ ബഹു.മുഖ്യമന്ത്രിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട അവലോകനമാണ് ഈ യോഗം കൊണ്ട് ഉദ്ദേശിക്കുന്നത് എന്ന് ബഹു.പിന്നാക്ക വിഭാഗ വകുപ്പ് മന്ത്രി ആമുഖമായി അറിയിച്ചു. ജസ്.നരേന്ദ്രൻ ചെയർമാനായി രൂപീകരിച്ച കമ്മീഷൻ റിപ്പോർട്ടിന്റെ ഭാഗമായി സർക്കാർ നിയന്ത്രണ സ്ഥാപനങ്ങളിൽ പിന്നാക്ക വിഭാഗങ്ങളുടെ കുറവ് കണ്ടെത്തുന്നതിനും തുടർന്ന് പ്രസ്തുത വിഭാഗങ്ങൾക്ക് അവസര നഷ്ടം ഒഴിവാക്കി 4 0 % സംവരണം ഉറപ്പാക്കണമെന്നതുമാണ് ഈ സമിതി രൂപീകരിച്ചതിന്റെ ലക്ഷ്യമെന്ന് ബഹു.പിന്നാക്ക വിഭാഗ വികസന വകുപ്പ് മന്ത്രി ചൂണ്ടിക്കാട്ടി.

സമിതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർക്കാർ സ്ഥാപനങ്ങൾ, സർക്കാരിതര സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ സ്ഥാപനങ്ങളിലെ പിന്നാക്ക വിഭാഗ പ്രാതിനിധ്യം ശേഖരിക്കുന്നതിനും ആയത് ഒരു വെബ് പോർട്ടൽ രൂപീകരിച്ച് ആതിൽ അപ് ലോഡ് ചെയ്യുന്നതിനും പിന്നാക്ക വിഭാഗ കമ്മീഷനെ ചുമതലപ്പെടുത്തിയിരുന്നു. 2017 മെയ് 1 9 ന് അപ്‌ഡേഷനു തുടക്കം കുറിച്ചു. തുടർന്ന് കമ്മീഷൻ വഴി എല്ലാ വകുപ്പുകൾക്കും നോഡൽ ഓഫീസറെ നിയമിക്കുകയും അവർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. നോഡൽ ഓഫീസർക്കാണ് വിവരം upload ചെയ്യേണ്ട ചുമതല. മാറി മാറി വരുന്ന ഉദ്യോഗസ്ഥർ ഫലപ്രദമായി ഈ വിഷയം കൈകാര്യം ചെയ്യേണ്ടതുണ്ട്.

പിന്നാക്ക വിഭാഗ പ്രാതിനിധ്യം സംബന്ധിച്ച് വെബ് പോർട്ടലിൽ ഇതു വരെ നടത്തിയ അപ്‌ഡേഷന്റെ വിശദ വിവരം ബഹു.പിന്നാക്ക വിഭാഗ വികസന വകുപ്പ് മന്ത്രി വിശദീകരിച്ചു. തുടർന്ന് ഭാഗികമായി data entry നടത്തിയ സർക്കാർ വകുപ്പുകളുടെ വിശദീകരണം ബഹു.മന്ത്രി ആരാഞ്ഞു. വിവരം upload ചെയ്യുന്നതിനുണ്ടായ വീഴ്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിശദീകരിക്കണമെന്ന് ബഹു.മന്ത്രി നിർദ്ദേശിച്ചു. വിവിധ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ

സ്ഥാപനങ്ങൾ എന്നിവയിലെ ഓരോ സ്ഥാപനങ്ങളുടെയും, കാലതാമസത്തിനുള്ള വിശദീകരണം ആരാഞ്ഞു.

സിവിൽ / ക്രിമിനൽ, ജുഡീഷ്യറി, റവന്യൂ ലാൻഡ് ബോർഡ്, രാജ് ഭവൻ, വനിതാ ശിശു ക്ഷേമ വകുപ്പ് എന്നീ വകുപ്പുകൾ നാളിതു വരെ data entry നടത്തിയിട്ടില്ല. പ്രസ്തുത വകുപ്പുകളുടെ പ്രതിനിധികളുടെയും, സെക്രട്ടറിമാരുടെയും വിശദീകരണവും ബഹു.മന്ത്രി ആരാഞ്ഞു. പിന്നാക്ക വിഭാഗ പ്രാതിനിധ്യവുമായി ബന്ധപ്പെട്ട് entry നടത്തേണ്ടുന്ന നോഡൽ ഓഫീസർമാരെ നിയമിക്കുന്നതും, മാറിപ്പോയെങ്കിൽ പുതിയ ഉദ്യോഗസ്ഥൻ ചുമതലയേറ്റോ, കൃത്യമായി കാര്യങ്ങൾ നടക്കുന്നുണ്ടോ എന്നും വ്യക്തത വരുത്തണമെന്ന് ബഹു.മുഖ്യമന്ത്രി നിർദ്ദേശിച്ചു.

സഹകരണ മേഖല/പൊതുമേഖലാ സ്ഥാപനങ്ങളിലാണ് data entry നടത്തുന്നതിൽ കാലതാമസം വരുത്തിയിട്ടുള്ളതെന്ന് ചീഫ് സെക്രട്ടറി ചൂണ്ടിക്കാട്ടി. ഡേറ്റാ എൻട്രിയുമായി ബന്ധപ്പെട്ട വിവരങ്ങൾ എല്ലാ സെക്രട്ടറിമാർക്കും നൽകിയിട്ടുണ്ടെന്നും, അപ്ഡേഷനുമായി ബന്ധപ്പെട്ട് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ ആയതു പരിഹരിച്ചു നൽകാമെന്ന് SC/ST/പിന്നോക്ക വിഭാഗ വികസന വകുപ്പ് സെക്രട്ടറി അറിയിച്ചു.

വിവിധ സെക്രട്ടറിമാർ data entry യുമായി ബന്ധപ്പെട്ട ന്യൂനതകൾ ചൂണ്ടിക്കാട്ടി. നടപടി പൂർത്തിയാക്കിയവർക്ക് upload ചെയ്യാൻ സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. Updation നടത്തിയെങ്കിലും ആയത് Web portal ലിൽ ഉൾപ്പെട്ടു കാണുന്നില്ല എന്നും അറിയിച്ചു. Spark മായി Clash ആകുന്നതിനാൽ upload ആകുന്നില്ല എന്ന പ്രശ്നവും ചൂണ്ടിക്കാട്ടി. ഫീൽഡ് ലെവൽ സ്ഥാപനങ്ങളിൽ data entry ചെയ്യാൻ ഉദ്യോഗസ്ഥർ ഇല്ലാത്തതിന്റെ ബുദ്ധിമുട്ട് സെക്രട്ടറിമാർ ചൂണ്ടിക്കാട്ടി.

എല്ലാ സെക്രട്ടറിമാരും, അവരവരുടെ നിയന്ത്രണത്തിലുള്ള വകുപ്പ് / സ്ഥാപനങ്ങളിലെ പിന്നാക്ക പ്രാതിനിധ്യം സംബന്ധിച്ച വിവരങ്ങൾ അടിയന്തിരമായി ഉറപ്പു വരുത്തേണ്ടതാണെന്ന് ബഹു.മന്ത്രി നിർദ്ദേശിച്ചു. സെക്രട്ടറിമാരുമായുള്ള പ്രതിമാസ യോഗത്തിൽ പിന്നാക്ക പ്രാതിനിധ്യ വിഷയം സ്ഥിരമായി റിവ്യൂ നടത്തുന്നതാണെന്ന് ചീഫ് സെക്രട്ടറി വ്യക്തമാക്കി. വിശദമായ ചർച്ചയ്ക്കു ശേഷം എടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. ഡാറ്റാ എൻട്രി ഇതു വരെ നടത്താത്ത 5 സർക്കാർ വകുപ്പുകൾ സെപ്റ്റംബർ 30 നകം / ഒക്ടോബർ 15 നകം ഡാറ്റാ എൻട്രി പൂർത്തിയാക്കി വിവരം കമ്മീഷനെ അറിയിക്കണം.
2. ഭാഗികമായി ഡാറ്റാ എൻട്രി പൂർത്തിയാക്കിയ വകുപ്പുകൾ/മറ്റു സ്ഥാപനങ്ങൾ 2020 ഒക്ടോബർ 12 / ഒരു മാസത്തിനകം നടപടി പൂർത്തിയാക്കണം. ഇതുവരെ നോഡൽ ഓഫീസർമാരെ നിയമിക്കാത്ത സ്ഥാപനങ്ങൾ അടിയന്തിരമായി നടപടി സ്വീകരിച്ച് വിവരം കമ്മീഷനെ അറിയിക്കേണ്ടതാണ്.
3. നടപടി പൂർത്തിയാക്കിയ വകുപ്പുകൾ / സ്ഥാപനങ്ങൾ upload ചെയ്യാൻ

സാങ്കേതിക പ്രശ്നമുണ്ടെങ്കിൽ ആയതു കമ്മീഷനെ അടിയന്തിരമായി അറിയിക്കണം.

4. ചീഫ് സെക്രട്ടറിയുടെ പ്രതിമാസ യോഗത്തിൽ സ്ഥിരം അജണ്ടയായി പിന്നാക്ക പ്രാതിനിധ്യം സംബന്ധിച്ച വിഷയം ഉൾപ്പെടുത്തേണ്ടതാണ്.
5. OBC പ്രാതിനിധ്യം Upload ചെയ്യുന്നതു സംബന്ധിച്ച വിഷയം എല്ലാ സെക്രട്ടറിമാരും follow up ചെയ്യേണ്ടതാണ്. ഇതു സംബന്ധിച്ച് D.O letter നൽകി എല്ലാ സെക്രട്ടറിമാർക്കും ചീഫ് സെക്രട്ടറി നിർദ്ദേശം നൽകുന്നതാണ്.
6. നോഡൽ ഓഫീസർമാർമാർക്ക് സ്ഥലം മാറ്റമുണ്ടാകുന്ന പക്ഷം വിവരം ഉടൻ തന്നെ പിന്നാക്ക വിഭാഗ കമ്മീഷനെ അറിയിക്കേണ്ടതാണ്.
7. OBC പ്രാതിനിധ്യം സംബന്ധിച്ച് data entry യുമായി ബന്ധപ്പെട്ട് ഒരു ഓഫീസറെ BCDD യിൽ നിന്നും നിയമിക്കുന്നതാണ്.
8. പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡാറ്റാ എൻട്രി റിവ്യൂ ചെയ്യുന്നതാണ്.

യോഗം 11.30 AM ന് അവസാനിച്ചു.

Omana V.D

Section Officer